**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5238** **21-07-2022 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി മണ്ഡലത്തിൽ റൂസ മോഡൽ ഡിഗ്രി കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി മണ്ഡലത്തിൽ പ്രഖ്യാപിച്ച റൂസ മോഡൽ ഡിഗ്രി കോളേജ് ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | റൂസ രണ്ടാം ഘട്ട പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽ മാനന്തവാടി മണ്ഡലത്തിൽ അനുവദിച്ച മോഡൽ ഡിഗ്രി കോളേജുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും റൂസ സംസ്ഥാന കാര്യാലയത്തിന്റെ ഭാഗത്തു നിന്നും കേന്ദ്രവിദ്യാഭ്യാസ വകുപ്പിന് സമർപ്പിക്കേണ്ട എല്ലാ രേഖകളും സമർപ്പിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന 10 ഏക്കർ സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചതും ഡി.പി.ആർ. സമർപ്പിച്ചതും ഉൾപ്പടെ ആവശ്യപ്പെട്ട മുഴുവൻ വിശദാംശങ്ങളും വളരെ മുമ്പേതന്നെ നൽകിയിട്ടുണ്ട്. കോളേജിന് അനുവദിച്ച തുകയുടെ കേന്ദ്രവിഹിതത്തിന്റെ ആദ്യ ഗഡുവായ 3.60 കോടി രൂപയ്ക്ക് വേണ്ടിയുള്ള പ്രൊപ്പോസൽ 30.03.2022 ന് അവസാനമായി നൽകിയിട്ടുമുണ്ട്.<br><br>കോളേജ് ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ചെയ്യേണ്ടത് എല്ലാംതന്നെ ചെയ്തിട്ടുണ്ട്. കേന്ദ്ര വിഹിതത്തിന്റെ ആദ്യഗഡു ലഭിച്ച ശേഷം മാത്രമേ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഇനി എന്തെങ്കിലും നടപടി സ്വീകരിക്കേണ്ടതുള്ളൂ. |
| (ബി) | തടസ്സങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | (എ)-യിൽ നൽകിയിരിക്കുന്നു. |
| (സി) | കോളേജ് ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഇനി എന്തെങ്കിലും നടപടി സ്വീകരിക്കേണ്ടതുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | (എ)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ